# ആ കവിയുടെ രക്തസാക്ഷിത്വം

തനിച്ചിരിക്കുമ്പോൾ

ഞാനോർമിക്കുന്നതു മുഴുവൻ

ആ കവിയെ കുറിച്ചാണ്;

വാക്കുകളുടെ രക്തത്തിൽ നിന്നും പിറവിയെടുത്ത്

മണ്ണിൽ ചുണ്ടുകൾ കൊണ്ടെഴുതിയിരുന്ന

അതേ കവിയെക്കുറിച്ച്

വസന്തമായിരുന്നു

അയാളുടെ ആദ്യത്തെ കവിത.

അക്ഷരങ്ങളിൽ നിന്നും പൂച്ചാറൊലിച്ച്

നക്ഷത്രങ്ങൾ ഈറനായി.

അയാളുടെ അടുത്ത കവിതയ്ക്ക്

തീയെന്നായിരുന്നു പേര്..

അതിന്റെ ചൂടും വെളിച്ചവും തട്ടി

ഭൂമി ഉണർന്നുചിരിച്ചത്

ഞാനോർക്കുന്നു..

കാലവും കാറ്റും ജലവും

ആകാശവും അയാളുടെ കവിതകൾ തന്നെ.

ശൂന്യതയുടെ തുറസ്സുകളിലൂടെ വിരലുകളൊഴുക്കി
അന്തരീക്ഷത്തിന്റെ നിറഞ്ഞ കണ്ണുകളിൽ നിന്നും
കൽപനകൾ കോരിയെടുക്കാൻ
അയാൾക്കു കഴിഞ്ഞിരുന്നു.
മഴയുടെ താളുകൾ മറിയുമ്പോൾ,
എനിക്കു കേൾക്കാം —
ഉയിർത്തെണീറ്റുവരാൻ ശ്രമിക്കുന്ന
ഇരുണ്ട കവിതകളെ.
ആ കവി ഒരു ഋതുവായിരുന്നു...
മഞ്ഞിൽ വീണ കാൽപ്പാടായിരുന്നു.

അയാൾ ജീവന്റെ പ്രതലത്തിൽ
ഈർപ്പത്തോടെ വിങ്ങിനിന്ന
ആറാത്ത പായലായിരുന്നു.
ഞാനോർമിക്കുന്നുണ്ട്;
ആ കവിക്കു വേണ്ടി മാത്രം
ഉദിച്ചുവന്ന സൂര്യൻമാരെ.
അയാളുടെ കവിതയിലെ
അർഥമാകാൻ വേണ്ടി

ഉടലെടുത്ത മണൽക്കാറ്റുകളെ
ഭൂമിയുടെ അച്ചുതണ്ടിന്റെ
പൊട്ടൽ വലുതായിവരുമ്പോഴും
അയാൾ നിലാവിന്റെ പശ കൊണ്ട്
വാക്യങ്ങൾ തമ്മിലൊട്ടിച്ചുവെച്ചു.

ഭൂപടത്തിലൂടെ
വേഗത്തിൽ പടർന്നുകൊണ്ടിരുന്ന നിലവിളികൾ
അയാളുടെ മഷിയിൽ ചെന്നുമുട്ടി.
ഇരുട്ടിന്റെ കാൽച്ചുവട്ടിൽ
ചുരുണ്ടുകിടന്ന അസ്ഥികൂടങ്ങൾ
അയാളുടെ കവിതയെ ഭയപ്പെടുത്തി.
കുഞ്ഞുങ്ങളുടെ ചിരികൾ
ചാരമായിക്കൊണ്ടിരുന്നു,
അയാളുടെ നിലാവിന്
ഒട്ടൽ കുറഞ്ഞുതുടങ്ങി.
ബിംബങ്ങൾ തമ്മിൽത്തമ്മിൽ
അർത്ഥമില്ലാതെ കലഹിച്ചു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അയാളുടെ കണ്ണുകളിൽ നിന്നും
കവിത
കവിളുകളിലൂടെയൊഴുകി
താഴെ വീണില്ലാതായിക്കൊണ്ടിരുന്നു.
ഓർമകളുടെ ശ്മശാനത്തിൽ
കൈയിലൊരു പൂ പോലുമില്ലാതെ
അയാൾ അനാഥനായി നിന്നു.
ലോകത്തിന്റെ ഇടറിയ തൊണ്ടയിൽ
അവസാനത്തെ വാക്കുകളും പേറി
ആരെല്ലാമോ മരിച്ചു.

കത്തിത്തീർന്ന തെരുവിലൂടെ
ആ കവി
ജീവിതമില്ലാതെ നടന്നു.
അണഞ്ഞുപോയ ആകാശത്തിനു കീഴിൽ
ശവങ്ങൾക്കിടയിൽ ബാക്കിയായ
അവസാനത്തെ കുഞ്ഞിനെ അയാൾ കണ്ടു.
അന്നയാൾ ആ ചാരത്തിൽ
മുട്ടുകുത്തിയിരുന്നതും.

എനിക്കോർമയുണ്ട്.

പൂക്കളും നക്ഷത്രങ്ങളും മിന്നിമിന്നികളെത്തി.
അയാളുടെ മരവിച്ച വിരൽത്തുമ്പുകൾ
ഒരിക്കൽക്കൂടി ചലിച്ചു.
അയാൾ തന്റെ രക്തത്തിൽ നിന്നും
ഒരു കവിതയെ ഊറ്റിയെടുത്തു.
അയാളുടെ ഞരമ്പുകളിൽ നിന്നും
എല്ലാ പൊരുളും വാർന്നുപോയി.
അയാളുടെ പിടയുന്ന ഉടലിനു മീതെ
തീരാത്ത അക്ഷരങ്ങളുടെ ആത്മാക്കൾ
ദു:ഖാർത്തരായി നിരന്നുനിന്നു.
ആ കുഞ്ഞിന്
കെട്ടുപോകാത്ത ഒരു തിരി ജീവനായി
അയാൾ ആ കവിത
മിടിപ്പിൽ നിന്നും പറിച്ചുകൊടുത്തു.

വീണ്ടുമെത്രയോ.
ഋതുക്കൾ കടംപുഴകി.

ഭൂമിയുടെ കാലുകൾ തളർന്നു.
മഷിയുടെ മുഖമിരുണ്ടു.
പവിഴപ്പുറ്റുകളുയിർത്തു..
ഉണങ്ങാത്ത മുറിവുകളിൽ നിന്നും
മിന്നാമിനുങ്ങുകൾ പൊങ്ങുന്നുണ്ടെങ്കിലും,
വസന്തം വേച്ചുവേച്ച്
നടന്നെത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും
തനിച്ചിരിക്കുമ്പോഴൊക്കെയും
ഓരോരുത്തരും
ആ കവിയെ ഓർമിച്ചുകൊണ്ടിരിക്കുന്നത്
ആ ഒറ്റക്കവിതയുടെ പേരിലാണ്.
കാരണം, അതായിരുന്നു
അയാളുടെ മാസ്റ്റർപീസ്.